**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - വിവിധ കോർപറേഷനുകളിൽ കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട എൻവയോൺമെന്റൽ എൻജിനീയർമാരെയും സ്ട്രക്ചറൽ എൻജിനീയർമാരെയും തുടർന്നും നിയമിക്കുന്നതിനും ഇവർക്ക് കോർപറേഷനുകളുടെ തനത് ഫണ്ടിൽ നിന്ന് വേതനം നൽകുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ. (സാധാ)നം. 1311/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 10.05.2018

---

പരാമർശം:- 1. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 15.03.2018 ലെ ഡിബി3-753/12/സിഇ/എൽ.എസ്.ജി.ഡി നം. കത്ത്.

2 സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 21.03.2018 ലെ നടപടിക്രമം.

**<u>ഉത്തരവ്</u>**

2017-18 സാമ്പത്തിക വർഷത്തിൽ വിവിധ കോർപറേഷനുകളിൽ കരാറടിസ്ഥാനത്തിൽ 6 മാസത്തേക്ക് നിയമിക്കപ്പെട്ട എൻവയോൺമെന്റൽ എൻജിനീയർമാരുടെയും സ്ട്രക്ചറൽ എൻജിനീയർമാരുടെയും സേവനം തുടർന്നും ആവശ്യമുള്ള കോർപറേഷനുകൾ, ടി ജീവനക്കാരെ തുടർന്നും നിയമിക്കുന്നതിനും അവരുടെ തനത് ഫണ്ടിൽ നിന്ന് ടി ഉദ്യോഗസ്ഥരുടെ വേതനം നൽകുന്നതിനും അനുമതി നൽകണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സൂചന 1 പ്രകാരം അഭ്യർത്ഥിച്ചിരുന്നു. സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 21.03.2018 ലെ യോഗത്തിൽ കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാരെ ആവശ്യമുള്ള കോർപറേഷനുകളിൽ തുടർന്ന് നിയമിക്കാനും കോർപറേഷന്റെ തനതു ഫണ്ടിൽ നിന്ന് വിഹിതം നൽകാനും തീരുമാനിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം വിവിധ കോർപറേഷനുകളിൽ 2017-18 സാമ്പത്തിക വർഷത്തിൽ കരാറടിസ്ഥാനത്തിൽ 6 മാസത്തേക്ക് നിയമിക്കപ്പെട്ട എൻവയോൺമെന്റൽ എൻജിനീയർമാരുടെയും സ്ട്രക്ചറൽ എൻജിനീയർമാരുടെയും സേവനം തുടർന്നും

ആവശ്യമുള്ള കോർപറേഷനുകൾ, ടി ജീവനക്കാരെ തുടർന്നും നിയമിക്കുന്നതിനും, അവരുടെ തനത് ഫണ്ടിൽ നിന്ന് ടി ഉദ്യോഗസ്ഥരുടെ വേതനം നൽകുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീജിത്ത് വി.പി**
അണ്ടർ സെക്രട്ടറി

1 ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2 അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ
3 ഡയറക്ടർ, നഗരകാര്യ വകുപ്പ് , തിരുവനന്തപുരം.
4 എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ വകുപ്പ് ഡയറക്ടർ മുഖേന )
5 ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
6 എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7 തദ്ദേശസ്വയംഭരണ (ഡി എ ) വകുപ്പ്
8 വെബ്&ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
9 കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ